## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5901     **30.07.15 ൽ മറുപടിയ്ക്ക്**

### ധാതുഖനനവും കടത്തും നിയന്ത്രിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം.പി.വിൻസെൻറ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | ധാതുഖനനവും അതിന്റെ കടത്തും നിയന്ത്രിക്കാനും പരിശോധിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ധാതുഖനനവും കടത്തും നിയന്ത്രിക്കുവാൻ ഇപ്പോൾതന്നെ സംവിധാനങ്ങൾ ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | സംസ്ഥാനത്തെ അനധികൃത ധാതു ഖനനവും കടത്തും തടയുക, റോയൽറ്റി വരുമാനം വർദ്ധിപ്പിക്കുക, പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിത ചൂഷണം, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ കുറച്ച് ധാതുഖനനം നടത്തുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | മൈനിംഗ് & ജിയോളജി വകുപ്പാണ് ധാതു ഖനനവും കടത്തും നിയന്ത്രിക്കുന്നത്. കേരള മൈനർ മിനറൽ കൺസഷൻസ് റൂൾസ് കാലാനുസൃതമായി സമഗ്രമായി പരിഷ്കരിച്ച് 2015 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അനധികൃത ധാതുഖനനം, ശേഖരണം, കടത്തൽ എന്നിവ പ്രതിരോധിക്കുന്നതിനാവശ്യമായ വിപുലമായ ചട്ടങ്ങൾ ഉൾപ്പെടുത്തി കേരള മിനറൽസ് പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & |

| | | | |
|---|---|---|---|
| | | | ട്രാൻസ്പോർട്ടേഷൻ റൂൾസ് 2015 പുറപ്പെടുവിച്ചിട്ടുണ്ട്. കർശനമായ ശിക്ഷാനടപടികൾ, ഉയർന്ന തോതിലുള്ള പിഴ എന്നിവ ടി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കി വരികയാണ്. |

**സെക്ഷൻ ഓഫീസർ**